പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3586 — 12.12.2014 - ൽ മറുപടിയ്ക്ക്

## യാചക വിമുക്ത കേരളം പദ്ധതി

| ചോദ്യം<br>ശ്രീ. പി.ഉബൈദുള്ള | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 'യാചക വിമുക്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറത്ത് ഷെൽട്ടർ ഹോം സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും | യാചക വിമുക്ത കേരളം പദ്ധതി പ്രകാരം ഷെൽട്ടർ ഹോമുകൾ സ്ഥാപിയ്ക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല.<br>സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 1945-ലെ മദ്രാസ് പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120 - ലെ ട്രാവൻകൂർ പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120 – ലെ കൊച്ചി വാഗ്രൻസി ആക്ടും യാചകവൃത്തി ഫലപ്രദമായി തടയുന്നതിന് പ്രയോജനപ്പെടുന്നില്ല. യാചകവൃത്തി പൂർണ്ണമായും നിരോധിയ്ക്കുന്നതിനും യഥാർത്ഥ യാചകരെ കണ്ടെത്തി അവരെ പുനരധിവസിപ്പിയ്ക്കുന്നതിനുമായി മേൽ സൂചിപ്പിച്ച നിയമങ്ങൾ റദ്ദാക്കി പുതിയ ഒരു നിയമനിർമ്മാണത്തിനായി ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ